# Athmaraksha.org

വിശുദ്ധരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

## വി.എവുപ്രാസ്യയോടുള്ള പ്രാർത്ഥന




സ്നേഹപിതാവായ ദൈവമേ, നിരന്തരമായ പ്രാർത്ഥനയിലൂടെയും തപോനിഷ്ഠമായ ജീവിതത്തിലൂടെയും ദൈവൈക്യം പ്രാപിച്ച വി.എവുപ്രാസ്യയെ മാതൃകയും മദ്ധ്യസ്ഥയുമായി ഞങ്ങൾക്കു നൽകിയ അങ്ങയുടെ കാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു. പരിശുദ്ധ അമ്മക്ക് എത്രയും പ്രിയ മകളായിരുന്ന എവുപ്രാസ്യമ്മേ, തിരുസഭയേയും ലോകം മുഴുവനേയും പ്രത്യേകമായി ഞങ്ങളേയും സ്നേഹപൂർവ്വം ഭരമേൽപിക്കുന്നു. ഞങ്ങളുടെ ജീവിത ദു:ഖങ്ങൾ ഈശോയുടെ കുരിശിൽ സമർപ്പിച്ച് ദൈവപരിപാലനയിൽ ആശ്രയിച്ച് മുന്നേറാൻ ഞങ്ങളെ പഠിപ്പിക്കണമെ. ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിച്ച് പ്രാർത്ഥനയും പരിത്യാഗവും വഴി ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളരുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

അനുദിന ജീവിതത്തിൽ ഞങ്ങൾ അഭിമുഖീകരിക്കുന്ന എല്ലാ പ്രതിസന്ധികളിലും ഞങ്ങളുടെ ഈ പ്രത്യേക ആവശ്യത്തിലും വി.എവുപ്രാസ്യാമ്മേ ഞങ്ങൾക്ക് വേണ്ടി മദ്ധ്യസ്ഥം വഹിക്കണമേ ആമ്മേൻ. 3 ത്രിത്വ.

എവുപ്രാസ്യാമ്മയുടെ മൊഴിമുത്തുകൾ
1. പണത്തിൽ കുറഞ്ഞാലും പുണ്യത്തിൽ കുറയരുത്.
2. സത്യസന്ധമായി ജീവിച്ചോളോ, കളവും ചതിയുമൊന്നും പാടില്ല. ദൈവം നിങ്ങളെ അനുഗ്രഹിക്കും. നന്നായി പ്രാർത്ഥിക്കണം. തമ്പുരാന് അസാധ്യമായി ഒന്നുമില്ല.
3. ദൈവം കഴിഞ്ഞാൽ എന്റെ ശരണവും ആശ്വാസവും പരിശുദ്ധ അമ്മയാകുന്നു.